പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1072 21.03.2013 -ൽ മറുപടിയ്ക്ക്

## ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകരുടെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. പി.കെ. അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ) |
| (എ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർ സെക്കൻ - ഡറി സ്കൂളിൽ കന്നഡ എഴുതുവാനോ വായിക്കുവാനോ അറിയാത്ത അധ്യാപികയെ കന്നഡ മാധ്യമ വിഭാഗം സോഷ്യൽ സയൻസ് പഠിപ്പിക്കുവാൻ നിയമിച്ചിട്ടുണ്ടോ ;<br>(ബി) ഇക്കാര്യം പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കന്നഡ സംഘം നിവേദനം നൽകിയിട്ടുണ്ടോ ; | (എ) & (ബി) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ഹൈസ്ക്കൂൾ വിഭാഗത്തിൽ കന്നട അറിയാത്ത ഒരു ടീച്ചറെ നിയമിച്ചിട്ടു- ണ്ടെന്ന് കാണിച്ച് ഹോസ്ദുർഗ്ഗ് താലൂക്ക് കന്നട സംഘത്തിന്റെ പരാതി ലഭിച്ചിട്ടുണ്ട്. |
| (സി) ഈ വിഷയത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (സി) 19.03.13 ലാണ് നിവേദനം ലഭിച്ചത്. ഇക്കാര്യത്തിൽ അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുവാൻ |

ആവശ്യപ്പെട്ട് കാസർഗോഡ് വിദ്യാഭ്യാസ ഉപ ഡയറക്ടർക്കും ഹോസ്ദുർഗ്ഗ് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും കത്തയച്ചിട്ടുണ്ട്.

(ഡി) കന്നഡ ഭാഷാ ന്യൂനപക്ഷ വിഭാഗത്തിന്റെ ന്യായമായ ആവശ്യം പരിഗണിച്ച് പ്രസ്തുത സ്ക്കൂളിൽ കന്നഡ ഭാഷ എഴുതുവാനും വായിക്കുവാനും അറിയുന്നവരെ കന്നഡ മാധ്യമ വിഭാഗം സോഷ്യൽ സയൻസ് പഠിപ്പിക്കുവാൻ അടിയന്തരമായി നിയമിക്കുമോ എന്ന് അറിയിക്കാമോ ?

(ഡി) റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്ന - താണ്.

സെക്ഷൻ ഓഫീസർ